നിലവിലുള്ള നിയമങ്ങൾ അപര്യാപ്തമാണെന്നതിനാൽ ജലസേചനം, തദ്ദേശ സ്വയംഭരണം, കേരള മലീനകരണ നിയന്ത്രണബോർഡ് എന്നിവയുമായി ഏകോപിപ്പിച്ചുകൊണ്ട് കൂടുതൽ കർശന നിയമ നടപടികൾ രൂപപ്പെടുത്തേണ്ട ആവശ്യം ബോദ്ധ്യമായിട്ടുണ്ട്. കൂടാതെ ഇതിനെപ്പറ്റി പൊതുജനങ്ങളേയും പ്രത്യേകിച്ച് തദ്ദേശവാസികളേയും ബോധവാൻമാർ ആക്കേണ്ടതുണ്ട്. പ്രധാന നദികളുടെ സംയോജിത സംരക്ഷണത്തിനായി ഒരു റിവർ പ്രൊട്ടക്ഷൻ അതോറിറ്റി അടിയന്തിരമായി രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു.

ശ്രീ. മാമ്മൻ മത്തായി : ശ്രദ്ധക്ഷണിക്കലിൽ സൂചിപ്പിച്ചതുപോലെ ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്ക് ഒരു സമഗ്രമായ നിയമം ബഹുമാനപ്പെട്ട മന്ത്രിയുടെ കാലത്തുതന്നെ കൊണ്ടുവരുന്നതിന് നടപടി സ്വീകരിക്കുമോ ?

ശ്രീ. വി.പി. രാമകൃഷ്ണപിള്ള : അതിന് ശ്രമിക്കുന്നതാണ്.

(2) പൊതുവിദ്യാഭ്യാസരംഗത്ത് നിലനിൽക്കുന്ന പോരായ്മകൾ

ശ്രീ. എ. അലി ഹസ്സൻ : സർ, ഏതാനും ദിവസങ്ങൾക്ക് മുൻപ് നമ്മുടെ ഉന്നത വിദ്യാഭ്യാസരംഗത്ത് അടിയന്തിര പ്രാധാന്യമുള്ള ചില വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ജി. സുധാകരൻ ഇവിടെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചു. പൊതു വിദ്യാഭ്യാസ രംഗത്ത് നിലവിലുള്ള ചില പ്രശ്നങ്ങൾക്ക് അടിയന്തരമായി പരിഹാരമുണ്ടാകണമെന്ന ഒരു അഭ്യർത്ഥനയാണ് ഈ ശ്രദ്ധക്ഷണിക്കലിൽ കൂടി ഞാൻ ബഹുമാനപ്പെട്ട സഭയുടെ മുൻപിൽ അവതരിപ്പിക്കുന്നത്. കാലം മാറുന്നതിനനുസരിച്ച് എല്ലാ രംഗങ്ങളിലും മാറ്റങ്ങൾ അനിവാര്യമാണ്. വിദ്യാഭ്യാസരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന വിപ്ലവാത്മകമായ ചില മാറ്റങ്ങൾ ചില്ലറയല്ല. പ്രീ-പ്രൈമറി തൊട്ട് സെക്കന്ററി തലം വരെ അടിയന്തിരമായി പരിഹാരം കാണാനുള്ള ചില പ്രശ്നങ്ങളുണ്ട്. പ്രീ-പ്രൈമറി വിദ്യാഭ്യാസത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് വർഷങ്ങൾക്ക് മുൻപ് പ്രീ-പ്രൈമറി സ്കൂളുകളോട് ചേർന്ന് പി.ടി.എ.-യുടെ അഭിമുഖ്യത്തിൽ പ്രീ-പ്രൈമറി ക്ലാസ്സുകൾ നടത്താൻ സർക്കാർ അനുവാദം നൽകിയിരുന്നു. പല കാരണങ്ങളാൽ കുട്ടികളുടെ എണ്ണം കുറയുകയും ക്ലാസ്സുകളുടെ പ്രവർത്തനം നിലയ്ക്കുകയും ചെയ്തിരിക്കുകയാണ്. ഇത്തരം സ്കൂളുകൾക്ക് പുനർ ജീവൻ നല്കുന്നതിനും തൊഴിൽ രഹിതരായ അദ്ധ്യാപകർക്ക് സംരക്ഷണം നൽകി തൊഴിൽ സൗകര്യങ്ങൾ ഉണ്ടാക്കിക്കൊടുക്കുന്നതിനും സർക്കാരിന്റെ ഭാഗത്തുനിന്നും ഉദാരമായ സമീപനമുണ്ടാകണം. ഇതുമായി ബന്ധപ്പെട്ട് സർക്കാരിന്റെ പരിഗണനയിലുള്ള പ്രീ-പ്രൈമറി വിദ്യാഭ്യാസ ബിൽ കഴിയുന്നതും വേഗത്തിൽ നിയമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വർഷങ്ങൾക്ക് മുമ്പ് അക്കോമഡേഷന്റെ അഭാവം കൊണ്ട് ചില സ്ക്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തുകയുണ്ടായി. ഷിഫ്റ്റ് സമ്പ്രദായം ഏർപ്പെടുത്തിയതിന്റെ ഫലമായി വിദ്യാഭ്യാസനിലവാരത്തിലും പോരായ്മ ഉണ്ടായിട്ടുണ്ട്. ഇന്ന് തദ്ദേശസ്വയംഭരണ

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപനങ്ങൾ മുഖേനയും എം.പി. ഫണ്ട് ഉപയോഗിച്ചും ആവശ്യമായ കെട്ടിടങ്ങൾ നിർമ്മിച്ചു കൊടുത്തിട്ടുണ്ട്. ഈ കെട്ടിടങ്ങൾ ഇതുവരെ തുടർന്ന് പ്രവർത്തിക്കുന്നതിനും സാധിച്ചിട്ടില്ല. ഷിഫ്റ്റ് അവസാനിപ്പിച്ച് ക്ലാസ്സുകൾ നടത്തിക്കുന്നതിനും നടപടിയുണ്ടാകണം. ചില ഹൈസ്ക്കൂളുകളിലും ഹയർ സെക്കന്ററി സ്കൂളുകളിലും വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിലും ഉൾപ്പെടുത്തി പ്രവർത്തിക്കുന്ന എൽ.പി. സ്കൂളുകൾ ഉണ്ട്. സർക്കാരിന്റെ കണക്കനുസരിച്ച് സംസ്ഥാനത്ത് ഒട്ടാകെ 688 സ്കൂളുകളാണ് ഇത്തരത്തിൽ പ്രവർത്തിക്കുന്നത്. അവയിൽ സർക്കാർ സ്ക്കൂളുകൾ 432, എയ്ഡഡ് സ്ക്കൂളുകൾ -159, അൺ എയ്ഡഡ് സ്ക്കൂളുകൾ 97 എന്നിവ ഉൾപ്പെടുന്നുണ്ട്. സെക്കൻഡറി, യു.പി., എൽ.പി., ഇവയുടെയെല്ലാം മേൽനോട്ടം വഹിക്കാൻ ഒരു പ്രഥമ അദ്ധ്യാപകൻ മാത്രമാണുള്ളത്. തൻമൂലം സ്കൂളിന്റെ അച്ചടക്കവും അഡ്മിനിസ്ട്രേഷനും ശരിയായി കൈകാര്യം ചെയ്യാൻ ബുദ്ധിമുട്ടുണ്ട്. ഇത്തരം സ്കൂളിൽ നിന്ന് എൽ.പി. വിഭാഗമെങ്കിലും വേർതിരിച്ച് പ്രത്യേക അദ്ധ്യാപകന്റെ ചുമതലയിൽ വിദ്യാഭ്യാസ ഉപ ജില്ലാ ഓഫീസറുടെ മേൽനോട്ടത്തിൽ അല്ലെങ്കിൽ നിയന്ത്രണത്തിൽ ആക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ ഇന്ന് സ്പെഷ്യൽ ടീച്ചേഴ്സിന്റെ തസ്തിക നിറുത്തിയിരിക്കുന്ന സ്ഥിതിയാണുള്ളത്. ഇത് പരിശോധനയ്ക്ക് വിധേയമാക്കണം. ടീച്ചർ സ്റ്റുഡന്റ് റേഷ്യോ 1:35 ആക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതാണ്. വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന പ്രദേശങ്ങളിൽ സ്കൂളുകൾ അനുവദിക്കണം. സർക്കാരിന് സാമ്പത്തിക ബുദ്ധിമുട്ട് ഉണ്ടാകുന്ന പക്ഷം നിലവിലുള്ള അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നല്കണം. ഈ കാര്യങ്ങൾ സർക്കാർ പ്രത്യേകമായി പരിഗണിക്കണമെന്ന അഭ്യർത്ഥനയോടെ ഞാൻ ശ്രദ്ധക്ഷണിക്കൽ ഈ സഭയുടെ മുൻപിൽ അവതരിപ്പിക്കുകയാണ്.

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ആദ്യമേ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് പ്രീ-പ്രൈമറി വിദ്യാഭ്യാസത്തെ സംബന്ധിച്ചാണ്. 240 ഗവൺമെന്റ് സ്ക്കൂളുകളിൽ പി.ടി.എ. നടത്തുന്ന പ്രീ-പ്രൈമറി ക്ലാസ്സുകൾ ഉണ്ട്. അവിടെ കുട്ടികളിൽനിന്നും ഫീസ് പിരിച്ചാണ് അവിടെയുള്ള ടീച്ചേഴ്സിന് ഇന്ന് വേതനം നല്കുന്നത്. അത് വളരെ അപര്യാപ്തമാണെന്നുള്ള കാര്യം ഗവൺമെന്റിന് ബോദ്ധ്യമുണ്ട്. നമ്മുടെ പ്രീ-പ്രൈമറി ബിൽപാസ്സാക്കുന്നതോടുകൂടി ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ പ്രത്യേകമായി തീരുമാനിക്കും. ഇന്ന് നിലവിലുള്ള അദ്ധ്യാപകരുടെ കാര്യം സംരക്ഷിക്കപ്പെടും. ചില സ്ക്കൂളുകളിൽ ഷിഫ്റ്റ് സമ്പ്രദായം നിലനില്ക്കുന്നതിനെ സംബന്ധിച്ചാണ് അടുത്തതായി പറയാനുള്ളത്. ആ ഷിഫ്റ്റ് സമ്പ്രദായം പല സ്ക്കൂളുകളിലും ആവശ്യത്തിനുള്ള അക്കോമഡേഷൻ ഇല്ലാത്തതുകൊണ്ടാണ് നില നില്ക്കുന്നത്. എൽ.പി. ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള ചിലസ്ക്കൂളുകൾ ഉണ്ട്. അത്തരം സ്ക്കൂളുകളിലും ഈ ഷിഫ്റ്റ് നില നില്ക്കുന്നതുകൊണ്ട് വളരെയേറെ ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. ഇപ്പോൾ ജില്ലാ

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്തിന്റെ എല്ലാം സഹായത്തോടുകൂടി കുറെ കെട്ടിടങ്ങളുടെ പണി തീർക്കുന്നുണ്ട്. ആ കെട്ടിടങ്ങൾ തീരുന്നതോടുകൂടി ഒരു പരിധിവരെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. മറ്റൊരു കാര്യം ഒരു പ്രഥമ അദ്ധ്യാപകന്റെ കാര്യമാണ്. എൽ.പി. മുതൽ 12-ാം ക്ലാസ്സുവരെയുള്ള വിഭാഗത്തിന് ഒരു പ്രിൻസിപ്പാൾ മാത്രം. അതിൽ ഒന്നാം ക്ലാസ്സു മുതൽ 10-ാം ക്ലാസ്സുവരെയുള്ളിടത്ത് ഒരു ഹെഡ്മാസ്റ്റർ മാത്രം എന്നുള്ള നിലയുണ്ട്. എൽ. പി. വിഭാഗത്തിന് പ്രത്യേകമായി ഒരു ഹെഡ്മാസ്റ്റർ വേണമെന്നുള്ള ഒരു നിർദ്ദേശമാണ്. അത് ഗവൺമെന്റ് ഗൗരവമായി കണക്കിലെടുത്തിട്ടുണ്ട്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരുടെ കാര്യത്തിലും ചില തീരുമാനങ്ങൾ ഗവൺമെന്റിന്റെ പരിഗണനയിലുണ്ട്. കെ.ഇ.ആർ.-ൽ അമെന്റ്മെന്റ് കൊണ്ടുവരാൻ ഗോപാലൻ കമ്മിറ്റിയുടെ നിർദ്ദേശം ഗവൺമെന്റിന്റെ മുന്നിൽ ഏറെ താമസിയാതെ ലഭിക്കുന്നതാണ്. ആ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ ടീച്ചേഴ്സിന്റെ പ്രശ്നം പ്രത്യേകമായി പരിഗണിക്കപ്പെടും. അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1:40 ആക്കിയത് ഈ ഗവൺമെന്റ് ആണ്. അത് കുറച്ചു കൂടി കുറച്ചു കൊണ്ടുവരണമെന്നുള്ള നിർദ്ദേശമുണ്ട്. സാമ്പത്തികമായ ബാദ്ധ്യതയാണ് തടസ്സമായി നൽക്കുന്നത്. ഈ പറഞ്ഞ കാര്യങ്ങൾ പലതും ഗവൺമെന്റിന്റെ പരിഗണനയിലുള്ളതാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം കുറെകൂടി മെച്ചപ്പെടുത്തുവാൻ ഈ നിർദ്ദേശങ്ങൾ നടപ്പാക്കുന്നതുകൊണ്ട് സഹായകരമാകുമെന്നുള്ള അഭിപ്രായമാണ് ഗവൺമെന്റിനുള്ളത്.

മി. ഡെപ്യൂട്ടി സ്പീക്കർ : സ്പേസ് ഉള്ള സ്ഥലത്ത് പ്രത്യേകിച്ച് ഡി.പി.ഇ.പി. സ്കീം നടപ്പിലാക്കി കഴിഞ്ഞു. അതുകൊണ്ട് എൽ. പി. സ്ക്കൂളിൽ കുട്ടികൾക്ക് ഡി.പി.ഇ.പി. സ്കൂളിലെ പ്രയോജനം ലഭിക്കുന്നില്ല. അതുകൊണ്ട് സ്പേസ് ഉള്ള സ്ഥലത്ത് ഷിഫ്റ്റ് നിരുത്തരുതോ ?

ശ്രീ. പി. ജെ. ജോസഫ് : അത് ധനകാര്യവകുപ്പുമായി പ്രത്യേകം ചർച്ച ചെയ്യുന്നതാണ്.

ശ്രീ. എ. അലി ഹസ്സൻ : ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി സ്വാഗതാർഹമാണ്. എങ്കിൽ കൂടി നമ്മുടെ ധനകാര്യവകുപ്പുമന്ത്രി ഒരു അദ്ധ്യാപകൻ ആയിരുന്നു. ഒരു ശക്തമായ അദ്ധ്യാപക സംഘടനയുടെ സെക്രട്ടറിയായിരുന്നു. എനിക്കും അദ്ദേഹത്തിന്റെ കീഴിൽ അദ്ധ്യാപക സംഘടനയിൽ പ്രവർത്തിക്കുവാനുള്ള ഭാഗ്യം കിട്ടി. അപ്പോൾ സാമ്പത്തികമായി ബദ്ധിമുട്ടാണ് അനുഭവിക്കുന്നതെങ്കിൽ വിദ്യാഭ്യാസ നിലവാരം ഉയർത്തുന്നതിനാവശ്യമായ സാമ്പത്തിക സഹായം നല്കുന്നതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രി അദ്ദേഹവുമായിട്ട് പ്രത്യേക ബന്ധം പുലർത്തണമെന്നുകൂടി അപേക്ഷിക്കുകയാണ്. അതിന് കഴിയുമോയെന്ന് ചോദിക്കുകയാണ്.

ശ്രീ. പി. ജെ. ജോസഫ് : ഈ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേകമായ ചർച്ചകൾ നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly